# കേരള കാർഷികസർവകലാശാല
## പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്
കാസറഗോഡ്-671310


ബി2-3433/2024

തീയതി: 23.12.2024

## ദർഘാസ് പരസ്യം

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ പൊതുജനങ്ങൾക്ക് കൂടി പ്രയോജനകരമായ രീതിയിൽ ഫുഡ്കോർട്ട് (ടീസ്റ്റാൾ) പ്രവർത്തിപ്പിക്കാൻ താത്പര്യമുള്ള കുടുംബശ്രീ/സ്വയം സഹായ സഹകരണ സംഘം/വനിതാ സംഘം/വ്യക്തികൾ എന്നിവരിൽ നിന്നും മത്സരാടിസ്ഥാനത്തിൽ ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| ദർഘാസ് പരസ്യ നമ്പർ | **ബി2-3433/2024** |
| ദർഘാസ് സ്വീകരിക്കുന്നതിനുള്ള അവസാന തീയതി | **30.12.2024 ഉച്ചയ്ക്ക് 3.00 മണി** |
| ദർഘാസ് തുറക്കുന്ന തീയതി | **30.12.2024 ഉച്ചയ്ക്ക് 3.30 മണി** |
| ദർഘാസ് കാലാവധി | **2 വർഷം** |
| ദർഘാസ് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽ വിലാസവും | **അസോസിയേറ്റ് ഡയറക്ടർ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്** |
| നിരത ദ്രവ്യം | **1500/- രൂപ** |
| ദർഘാസ് അടക്കം ചെയ്ത കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടത്. | **ഫുഡ്കോർട്ട് (ടീസ്റ്റാൾ) പ്രവർത്തിപ്പിക്കുന്നതിനുള്ള ദർഘാസ്** |

**ദർഘാസിൽ മാസ വാടക വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. പുറത്തെഴുത്ത് കൃത്യമായി രേഖപ്പെടുത്തിയ ദർഘാസ് മേൽ സൂചിപ്പിച്ച വിലാസത്തിൽ 30 .12.2024 -ന് ഉച്ചയ്ക്ക് 3 മണിക്ക് മുമ്പായി എത്തിക്കേണ്ടതോ അയക്കേണ്ടതോ ആണ്.** ദർഘാസുകൾ അന്നേ ദിവസം 3.30 മണിക്ക് നടക്കുന്ന ലേലത്തിനുശേഷം തുറന്നു നോക്കുന്നതായിരിക്കും. താമസിച്ചു ലഭിച്ചതോ, നിരക്ക് രേഖപ്പെടുത്താത്തതോ ആയ ദർഘാസുകൾ തിരസ്കരിക്കുന്നതാണ്.

ഫുഡ്കോർട്ട് പ്രവർത്തിപ്പിക്കുന്നതിന് ദർഘാസുകാരൻ/ലേലക്കാരൻ കേന്ദ്രത്തിന് കെട്ടിട അനുബന്ധ വാടകയായി പ്രതിമാസം എത്ര രൂപ നൽകുമെന്നത് ദർഘാസിൽ വ്യക്തമായി സൂചിപ്പിച്ചിരിക്കണം. ദർഘാസ്/ലേലം നടത്തി ലഭിക്കുന്ന ഏറ്റവും ഉയർന്ന നിരക്കിലുള്ള വാടക നിബന്ധനകൾക്ക് വിധേയമായി സ്വീകരിക്കുന്നതാണ്.

ഭക്ഷണശാല ഈ കേന്ദ്രത്തിന്റെ ശ്രദ്ധേയമായ സ്ഥലത്ത് പ്രവർത്തിക്കുന്നതിനാൽ ഇതിന്റെ നടത്തിപ്പ് സർവ്വകലാശാലയുടെ താത്പര്യങ്ങൾക്ക് ഇണങ്ങും വിധവും, പൊതുജനങ്ങളുടെ പരാതിക്ക് ഇടയാക്കാത്ത രീതിയിലുമായിരിക്കണം. തെരഞ്ഞെടുക്കപ്പെടുന്ന കാരാറുകാരൻ തന്റെ സൽസ്വഭാവത്തിലൂടെയും പെരുമാറ്റത്തിലൂടെയും ഇത് കരാർ കാലാവധി ഉടനീളം ഉറപ്പു വരുത്തേണ്ടതാതാണ്. ആഹാര പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടത് കരാറുകാരന്റെ ബാധ്യതയാണ്.

**ഭക്ഷണ ശാലയുടെ (ടീസ്റ്റാൾ) പ്രവർത്തനരീതി**

ഫുഡ്കോർട്ടിൽ തനതു കേരളീയ വിഭവങ്ങൾ കൂടാതെ കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുക്കുന്ന നൂതന ഭക്ഷ്യ വിഭവങ്ങൾ, ജൈവരീതിയിൽ കൃഷി ചെയ്ത ഉത്പന്നങ്ങൾ ഉപയോഗിച്ചുള്ള വിഭവങ്ങൾ എന്നിവ തികച്ചും വൃത്തിയുള്ളതും, ആരോഗ്യപ്രദവുമായ പരിസര സജ്ജീകരണങ്ങളോടെ തയ്യാറാക്കി സ്ഥാപനത്തിലുള്ളവർക്കും പൊതുജനങ്ങൾക്കും വില്പന നടത്തേണ്ടതാകുന്നു.

നിബന്ധനകൾ

1. FSSAI ലൈസൻസ്/പഞ്ചായത്ത് രജിസ്ട്രേഷൻ ഇവ കരാർ ലഭിക്കുന്നപക്ഷം ഒരു മാസത്തിനകം നേടേണ്ടതാണ്. ലൈസൻസ്/രജിസ്ട്രേഷൻ നേടാത്ത പക്ഷം ഫുഡ്കോർട്ട് നടത്തിപ്പിനുള്ള അവകാശം പിൻവലിക്കപ്പെടുന്നതായിരിക്കും.
2. ഫുഡ്കോർട്ട് നടത്തിപ്പിനാവശ്യമായ അനുമതിപത്രം, ആവശ്യമായ തുക അടച്ച് കരാറുകാരൻ കാലാകാലങ്ങളിൽ പുതുക്കി വാങ്ങേണ്ടതാണ്. ഫുഡ്കോർട്ട് പ്രവർത്തന സമയം എല്ലാ ദിവസവും (അവധി ദിവസം ഉൾപ്പെടെ) **രാവിലെ 8 മണി മുതൽ വൈകുന്നേരം 7 മണിവരെ ആയിരിക്കും.**
3. **വിൽപന നടത്തുന്ന ഒരോ ഉല്പന്നത്തിന്റെയും വില കേന്ദ്രത്തിന്റെ അംഗീകാരത്തോടെ മാത്രമേ ഈടാക്കാൻ പാടുള്ളൂ. കേന്ദ്രത്തിലെ ജീവനക്കാർക്കും, തൊഴിലാളികൾക്കും ഡിസ്കൗണ്ട് നിരക്കിൽ ഭക്ഷണം നൽകേണ്ടതാണ്.** ഫുഡ്കോർട്ടിൽ വിൽക്കാവുന്ന ഉല്പന്നങ്ങളെ സംബന്ധിച്ച് കേന്ദ്രത്തിൽ നിന്ന് മുൻകൂട്ടി അനുവാദം വാങ്ങേണ്ടതാണ്.
4. വില്പന നടത്താനുദ്ദേശിക്കുന്ന ഓരോ ഉല്പന്നവും ആരംഭത്തിൽ തന്നെ കേന്ദ്രത്തിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും, തൃപ്തികരമായ പരിശോധന നടത്തി വില്പന ആരംഭിക്കേണ്ടതും, വില്പനയുടെ ഏത് ഘട്ടത്തിലും നിശ്ചയിക്കപ്പെട്ട അതേ അളവിലും ഗുണമേന്മയിലും ഉത്പന്നങ്ങൾ വില്പന നടത്തേണ്ടതുമാണ്. ഇത്തരത്തിൽ ഗുണമേന്മയും അളവും വൃത്തിയും ശുചിത്വവും പാലിക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്തം കരാറുകാരനായിരിക്കും.
5. വില്പന നടത്തുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ വിലവിവര പട്ടിക കൃത്യമായി എഴുതി തയ്യാറാക്കി കേന്ദ്രം മേധാവിയുമായി ചർച്ച ചെയ്ത്, അംഗീകാരത്തോടുകൂടി ഫുഡ്കോർട്ടിൽ എല്ലാവർക്കും വ്യക്തമായി കാണുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടതാണ്.
6. ഫുഡ്കോർട്ടിന്റെ പ്രവർത്തനം മൂലം പരിസര മലിനീകരണം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ജൈവ മാലിന്യങ്ങൾ മുഴുവൻ തയ്യാറാക്കിയിട്ടുള്ള കംപോസ്റ്റ് കുഴിയിലോ, ബയോഗ്യാസ് പ്ലാന്റിലോ നിക്ഷേപിക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്തം സംഘത്തിൽ നിക്ഷിപ്തമായിരിക്കും. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ക്യാമ്പസ് പരിസരത്ത് നിക്ഷേപിക്കുന്നതിനോ കത്തിച്ചു കളയുന്നതിനോ അനുവദിക്കുന്നതല്ല.
7. ഫുഡ്കോർട്ടിലെ ജോലിക്കാർ ശുചിത്വമുള്ളവരും പൂർണ്ണ ആരോഗ്യവാന്മാരും, ഭക്ഷണ ശാലയിൽ പ്രവർത്തിക്കാൻ ഹെൽത്ത് കാർഡ് ഉള്ളവരുമായിരിക്കണം.
8. കേന്ദ്രം നൽകുന്ന കെട്ടിടത്തിൽ മാറ്റങ്ങൾ വരുത്താൻ പാടില്ല. കേന്ദ്രാനുമതി ഇല്ലാതെ പുതിയ ഷെഡ്, കെട്ടിടം എന്നിവ എടുക്കാൻ പാടില്ല. കേന്ദ്രം നൽകുന്ന സ്ഥലസൗകര്യം, ഫർണിച്ചർ സാമഗ്രികൾ, ഉപകരണങ്ങൾ, പാത്രങ്ങൾ തുടങ്ങിയ കേന്ദ്രത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ സാധനങ്ങളും ശ്രദ്ധയോടെയും, ജാഗ്രതയോടെയും കൈകാര്യം ചെയ്യേണ്ടതാണ്. സാധാരണ ഉപയോഗത്തിന്റെ ഭാഗമായി സംഭവിക്കുന്ന തേയ്മാനം തുടങ്ങിയ കാരണങ്ങൾ മാത്രമേ ആയതിന്റെ നാശത്തിനു കാരണമായി പരിഗണിക്കുകയുള്ളൂ. ബോധപൂർവ്വമോ, അശ്രദ്ധയോമൂലം വരുത്തുന്ന നഷ്ടങ്ങൾക്ക് പൂർണ്ണ ഉത്തരവാദിത്തം കരാറുകാരൻ ഏറ്റെടുക്കേണ്ടതാണ്.
9. കരാറുകാരൻ പ്രവർത്തനം മതിയാക്കി പിരിഞ്ഞുപോകുന്ന സമയത്ത് ഫുഡ്കോർട്ടിന്റെ നടത്തിപ്പിനായി കൈവശം വെച്ച സകല സാധനങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ തിരികെ ഏൽപ്പിച്ച് ബോധ്യപ്പെടുത്തി രസീതി വാങ്ങേണ്ടതാണ്.
10. നഷ്ടപ്പെടുകയോ, അലക്ഷ്യമായി കൈകാര്യം ചെയ്തതുമൂലം കേടുവരികയോ ചെയ്ത വസ്തുക്കളുടെ വില ഈടാക്കാൻ കേന്ദ്രത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

11. ഫുഡ്കോർട്ടിന്റെ പ്രാരംഭ പ്രവർത്തനത്തിനുവേണ്ട വൈദ്യുതി, വെള്ളം പോലുള്ള അത്യാവശ്യ സൗകര്യങ്ങൾ ലഭ്യതയനുസരിച്ച് കേന്ദ്രം നൽകുന്നതാണ്. വൈദ്യുതി, വെള്ളം എന്നിവയുടെ ചാർജ്ജ് സംഘം വഹിക്കേണ്ടതാണ്.
12. ഫുഡ്കോർട്ടിൽ ജോലിചെയ്യാനുള്ള ആൾക്കാരെ സംഘം തന്നെ കണ്ടെത്തേണ്ടതും ആയത് കേന്ദ്രത്തിന്റെ മേൽനോട്ടത്തിലായിരിക്കേണ്ടതുമാണ്. കേന്ദ്രത്തിന്റെ അന്തസിനു യോജിച്ച പെരുമാറ്റം കാഴ്ചവെക്കാൻ കരാറുകാരനും ഫുഡ്കോർട്ടിൽ ജോലിചെയ്യുന്നവരും ബാധ്യസ്ഥരാണ്.
13. ദർഘാസിൽ പരാമർശിക്കുന്ന തുക വാടകയിനത്തിൽ പ്രതിമാസം 10 –ആം തീയതിക്കുള്ളിൽ ഈ കേന്ദ്രത്തിൽ അടയ്ക്കേണ്ടതാണ്. ഫുഡ്കോർട്ട് ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം തുടങ്ങുന്ന തീയ്യതി മുതൽ ഇതിനു പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. ലേലത്തിൽ പ്രതിപാദിക്കുന്ന വാടക തുകയുടെ 18% ജി.എസ്.ടി ഇനത്തിൽ ഒടുക്കേണ്ടതാണ്. ഓരോ മാസത്തെയും വിറ്റുവരവിന്റെ കണക്ക് തൊട്ടടുത്ത മാസം 8 -ആം തീയതിക്കു മുമ്പായി കേന്ദ്രത്തിനു സമർപ്പിക്കേണ്ടതാണ്. 3 മാസത്തെ വാടക കരാറുകാരൻ തിരിച്ചുകിട്ടുന്ന ഡെപ്പോസിറ്റായി അടയ്ക്കേണ്ടതാണ്. പ്രസ്തുത നിക്ഷേപത്തിനു പലിശ ലഭിക്കില്ല.
14. കേന്ദ്രം കരാറുകാരനെ ഫുഡ്കോർട്ടിന്റെ നടത്തിപ്പിന് ചുമതലപ്പെടുത്തുന്നു എന്നതൊഴിച്ചാൽ കരാറുകാരനോ, ഫുഡ്കോർട്ടിൽ ജോലിചെയ്യുന്നവർക്കോ, കേന്ദ്രത്തിലോ, കാർഷിക സർവ്വകലാശാലയിലോ, യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല.
15. കേന്ദ്രവും കരാറുകാരനും തമ്മിലുള്ള പണമിടപാടുകൾ എസ്.ബി.ഐ, കയ്യൂർ ശാഖയിൽ സംഘത്തിന്റെ പേരിൽ തുറക്കുന്ന അക്കൗണ്ട് മുഖേന മാത്രമായിരിക്കും.
16. ഫുഡ്കോർട്ട് ഏറ്റെടുക്കുന്നത് വനിതാ/സ്വയം സഹായ സംഘങ്ങൾ ആണെങ്കിൽ, എല്ലാ ഇടപാടുകളും സംഘത്തിലെ പ്രസിഡന്റ്/സെക്രട്ടറി മുഖേന മാത്രമായിരിക്കും നടത്തുക.
17. ഫുഡ്കോർട്ടിന്റെ പ്രവർത്തനം ഏത് സമയത്തും സ്ഥിരമായോ, താത്ക്കാലികമായോ നിർത്തിവെക്കാനുള്ള പൂർണ്ണാധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
18. ഫുഡ്കോർട്ടിന്റെ സുഗമമായ നടത്തിപ്പിനായി യുക്തമായ തീരുമാനങ്ങൾ കൈക്കൊള്ളാനുള്ള അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
19. വനിതാ സംഘങ്ങൾക്കും, ഭക്ഷണശാല നടത്തി മുൻപരിചയമുള്ളവർക്കും പ്രത്യേക പരിഗണന ഉണ്ടായിരിക്കുന്നതാണ്.
20. ഫുഡ്കോർട്ടിന്റെ നടത്തിപ്പിനായി ആരെയെങ്കിലും വേലക്കായി എടുക്കുകയോ നിയോഗിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തവും, ചുമതലയും സംഘത്തിനായിരിക്കും, കേന്ദ്രത്തിന് ഇക്കാര്യത്തിൽ യാതൊരു ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല.
21. ആവശ്യമെങ്കിൽ ഫുഡ്കോർട്ടിലെ ജോലിക്കാരെ നീക്കം ചെയ്യാനുള്ള അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
22. ഏതെങ്കിലും കാരണവശാൽ കേന്ദ്രത്തിനോ, കരാറുകാരനോ ഫുഡ്കോർട്ട് തുടർന്ന് നടത്തിക്കൊണ്ടുപോകാൻ താത്പര്യമില്ലാതിരിക്കുന്ന സാഹചര്യത്തിൽ 30 ദിവസത്തെ നോട്ടീസ് കാലാവധി നൽകി പ്രവർത്തനം അവസാനിപ്പിക്കുന്നതിന് ഇരുകൂട്ടർക്കും സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.
23. കേന്ദ്രം നോട്ടീസ് നൽകി ഫുഡ്കോർട്ടിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്ന സാഹചര്യത്തിൽ കേന്ദ്രത്തിന് ലഭിക്കേണ്ട മുഴുവൻ വസ്തുക്കളും മാസവിഹിതവും മറ്റെല്ലാ ബാധ്യതകളും തീർത്ത് 'നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ്' കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കിയ ശേഷമേ ഡെപ്പോസിറ്റ് തുക ചെക്കായി തിരികെ നൽകുകയുള്ളൂ.

24. കരാറുകാരനും കേന്ദ്രവും തമ്മിൽ എന്തെങ്കിലും അഭിപ്രായവത്യാസം ഉണ്ടായാൽ ആയതിന് തീർപ്പ് കൽപ്പിക്കുന്നത് കാർഷിക സർവ്വകലാശാല രജിസ്ട്രാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനായിരിക്കും.
25. ഫുഡ്കോർട്ട് നടത്തിപ്പിന് തിരഞ്ഞെടുക്കപ്പെടുന്നവർ 200/- രൂപയുടെ മുദ്രപത്രത്തിൽ കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാറുമായി ധാരണാപത്രത്തിൽ ഒപ്പിടേണ്ടതാണ്.
26. ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിക്കേണ്ടതാണ്.

അപേക്ഷകർ തങ്ങളുടെ മുൻ പരിചയം, സഹകരണ സംഘം രജിസ്ട്രേഷൻ നമ്പർ, FSSAI ലൈസൻസ്/രജിസ്ട്രേഷൻ, വിൽക്കാനുദ്ദേശിക്കുന്ന വിഭവങ്ങളും അവയുടെ വിലയും, സ്റ്റാഫ് അംഗങ്ങൾക്ക് നൽകാൻ ഉദ്ദേശിക്കുന്ന പരമാവധി ഡിസ്കൗണ്ട് ശതമാനം എന്നിവ അപേക്ഷയോടൊത്ത് സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ അസോസിയേറ്റ് ഡയറക്ടർ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്, കാസറഗോഡ് ജില്ല എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ:04672260632, rarspil@kau.in

ഒപ്പ്/-

ഡോ.വനജ.ടി

അസോസിയേറ്റ് ഡയറക്ടർ

പകർപ്പ്:

1. പഞ്ചായത്ത് ഓഫീസ്, പിലിക്കോട്/ചെറുവത്തൂർ, നീലേശ്വരം മുനിസിപ്പാലിറ്റി
2. നോട്ടീസ് ബോർഡ്, ഓഫീസ്/ഫാം
3. ഡോ.പി.പി രാജേഷ് കുമാർ, അസിസ്റ്റന്റ് പ്രൊഫസർ (d/w)

// അംഗീകാരത്തോടെ//

സെക്ഷൻ ഓഫീസർ

അസോസിയേറ്റ് ഡയറക്ടറുടെ കാര്യാലയം
ഉത്തര മേഖല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം
തീയ്യതി...........
പിലിക്കോട്-671310